# 'നേട്ടം നോക്കാതെ വൃക്കദാനത്തിൽ പങ്കാളികളാവണം'




കൊച്ചിൻ സെൻട്രൽ റോട്ടറി ക്ലബ്ബും കൊച്ചിൻ കിഡ്നി ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ ലോക വൃക്ക ദിനാചരണവും വൃക്ക ബോധവൽക്കരണ പരിപാടിയും റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ബി. ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. പ്രകാശ് ചന്ദ്രൻ, ഡോ. കെ. അജയകുമാർ, ജി. വിശ്വനാഥൻ, ഫിലിപ്പ് ജോർജ്, കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ഫാ. ഡേവിസ് ചിറമേൽ, ഡോ. ജോർജ് കെ. നൈനാൻ, ഡോ. സൂരജ് എന്നിവർ സമീപം.

**വൃക്കദാനം ചെയ്ത കൊല്ലം അഞ്ചൽ സ്വദേശി ആശ ജേക്കബിനു വി ഗാർഡിന്റെ വക അഞ്ചു ലക്ഷം രൂപ പാരിതോഷികം നൽകി**

കൊച്ചി● ആരോഗ്യത്തോടെ ജീവിക്കാൻ ഒരു വൃക്ക ധാരാളമാണെന്നു വൃക്കരോഗ വിദഗ്ധൻ ഡോ. ജോർജി കെ. നൈനാൻ. ജീവിച്ചിരിക്കുമ്പോൾ മാത്രമല്ല, മസ്തിഷ്ക മരണം സംഭവിച്ചശേഷവും വൃക്ക ദാനം ചെയ്യാൻ കഴിയും. യാതൊരു നേട്ടവും പ്രതീക്ഷിക്കാതെ വൃക്കദാനം ചെയ്യുന്നവരുണ്ട്. ഫാ. ഡേവിസ് ചിറമ്മലും കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിയും അങ്ങനെയാണു വൃക്ക ദാനം ചെയ്തു മാതൃകയായത്. വൃക്കദാനം ചെയ്തശേഷമുള്ള ജീവിതത്തെപ്പറ്റി ഒട്ടും ആശങ്ക വേണ്ട. വൃക്കദാതാക്കൾ പലരും സാധാര വ്യക്തികളെക്കാൾ ആരോഗ്യത്തോടെയാണു ജീവിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ലോക വൃക്ക ദിനത്തോടനുബന്ധിച്ച് റോട്ടറി കൊച്ചിൻ സെൻട്രലും കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയും കൊച്ചിൻ കിഡ്നി ഫൗണ്ടേഷനും ചേർന്നു സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

വൃക്ക രോഗിയായിരുന്ന ഭർത്താവിന്റെ മരണത്തെ തുടർന്നുണ്ടായ വിഷമഘട്ടത്തിലും മറ്റൊരു വ്യക്തിക്കു വൃക്ക നൽകി മാതൃകയായ കൊല്ലം അഞ്ചൽ സ്വദേശി ആശ ജേക്കബിനു വി ഗാർഡ് ഇൻഡസ്ട്രീസ് മാനേജിങ് ഡയറക്ടർ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പ്രഖ്യാപിച്ച അഞ്ചു ലക്ഷം രൂപയുടെ പാരിതോഷികം ചടങ്ങിൽ സമ്മാനിച്ചു. ഷീല കൊച്ചൗസേപ്പിൽ നിന്ന് ആശ പാരിതോഷികം സ്വീകരിച്ചു. ലോക വനിതാ ദിനത്തിൽ ആശയെ ആദരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നു കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി പറഞ്ഞു.

റോട്ടറി ഡിസ്ട്രിക്ട് 3201 ഗവർണർ ബി. ജയരാജൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ. ഡേവിസ് ചിറമ്മൽ, റോട്ടറി കൊച്ചിൻ സെൻട്രൽ പ്രസിഡന്റ് ഫിലിപ് ജോർജ്, ഡോ. സൂരജ്, ജി. വിശ്വനാഥൻ, ഡോ. കെ. അജയകുമാർ, ഡോ. പ്രകാശ് ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.